(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	തിരുവനന്തപുരം	..	10
2.	കൊല്ലം	..	14
3.	പത്തനംതിട്ട	..	3
4.	ഇടുക്കി	..	7
5.	കോട്ടയം	..	9
6.	ആലപ്പുഴ	..	8
7.	എറണാകുളം	..	10
8.	തൃശ്ശൂർ	..	13
9.	പാലക്കാട്	..	5
10.	മലപ്പുറം	..	6
11.	കോഴിക്കോട്	..	19
12.	വയനാട്	..	3
13.	കണ്ണൂർ	..	24
14.	കാസർഗോഡ്	..	14
	ആകെ	..	145

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘങ്ങൾ

79 [2731] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ജില്ലതോറും രൂപീകരിച്ച മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘങ്ങൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് എത്ര ബസ് ഉണ്ടായിരുന്നു;

(സി) ജില്ലതിരിച്ച് കണക്ക് വിശദമാക്കുമോ;

(ഡി) ഇപ്പോൾ എത്ര ബസ് ഉണ്ട്; അവ ഏതേത് ജില്ലകളിൽ ഓടുന്നു;

(ഇ) പ്രസ്തുത സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ജി) സംഘങ്ങളുടെ തകർച്ചമൂലം എത്ര പേർക്ക് ജോലി നഷ്ടമായി; ഇവരെ കെ. എസ്. ആർ. ടി. സി.-യിൽ നിയമിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 72

(സി)

തിരുവനന്തപുരം	..	2
കൊല്ലം	..	2
പത്തനംതിട്ട	..	5
ആലപ്പുഴ	..	3
കോട്ടയം	..	1
എറണാകുളം	..	5
തൃശ്ശൂർ	..	16
പാലക്കാട്	..	7
കോഴിക്കോട്	..	6
മലപ്പുറം	..	2
വയനാട്	..	7
കണ്ണൂർ	..	6
കാസർഗോഡ്	..	10

(ഡി) 29.

ഓടുന്നവ:—

തിരുവനന്തപുരം	..	2
വയനാട്	..	3
കാസർഗോഡ് (ഡ്രൈവിംഗ് സ്കൂൾ)	..	1

(ഇ) 1. സംഘം ഭാരവാഹികളുടെ കെടുകാര്യസ്ഥത.

2. പ്രവർത്തന വൈഭവം കുറഞ്ഞ ജീവനക്കാർ.

3. അപകടങ്ങൾ സംഭവിച്ചത്.

4. പ്രവർത്തന മൂലധനത്തിന്റെ അഭാവം.

5. കാലപ്പഴക്കം ചെന്ന ബസ്സുകൾക്ക് കൂടെക്കൂടെ അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നതുമൂലം ട്രിപ്പുകൾ മുടങ്ങിയത്.

6. ഫണ്ടിന്റെ അഭാവംമൂലം പഴയ ബസ്സുകൾക്ക് പകരം പുതിയവ നിരത്തിലിറക്കാൻ കഴിയാതെ പോയത.

(എഫ്) പ്രവർത്തനരഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കാൻ സാദ്ധ്യമായവയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 365. തൊഴിൽ രഹിതരായവർക്ക്, തൊഴിൽ ലഭിക്കാനുതകുംവിധം പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ അക്രമം

80 [2732] ശ്രീ. എ. കെ. മണി:
,, പി. ടി. തോമസ്:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ അക്രമം ഉണ്ടായിട്ടുണ്ട്;

(ബി) അന്ന് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അക്രമം നടന്ന സഹകരണ സംഘങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ ഏതു കക്ഷിയിലോ മുന്നണിയിലോ പെട്ട സ്ഥാനാർത്ഥികളാണ് ജയിച്ചുവന്നത്?

ഉത്തരം

(എ, ബി)) വിവരം ശേഖരിച്ചു വരുന്നു.

സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ

81 [2733] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയെപ്പറ്റി പഠിക്കുവാൻ ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി എന്നാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ഗവൺമെന്റിന് സമർപ്പിച്ചത്;

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-9-2001-ൽ.

(സി) 2002 ജൂൺ മാസം.

(ഡി) കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly